# നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം നിർത്തലാക്കൽ



# നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം നിർത്തലാക്കൽ

ലോക ഭക്ഷ്യ കാർഷിക സംഘടന, ഐക്യരാഷ്ട്രസഭ, റോം 2002

The designations employed and the presentation of material in this information product do not imply the expression of any opinion whatsoever on the part of the Food and Agriculture Organization of the United Nations concerning the legal status of any country, territory, city or area or of its authorities, or concerning the delimitation of its frontiers or boundaries.

All rights reserved. Reproduction and dissemination of material in this information product for educational or other non-commercial purposes are authorized without any prior written permission from the copyright holders provided the source is fully acknowledged. Reproduction or material in this information product for resale or other commercial purposes is prohibited without written permission of the copyright holders. Applications for such permission should be addressed to the Chief, Publishing Management Service, Information Division, FAO, Vialedelle Terme di Caracalla, 00100 Rome, Italy or by e-mail to copyright@fao.org

©FAO 2002

ISBN 92-5-104760-X

*Cover illustration by Emanuela D'Antoni*

'Stopping illegal, unreported and unregulated fishing'

*Malayalam Translation: Dr M P Remesan, ICAR-CIFT, Kochi*
*Translated and Printed by the Bay of Bengal Programme*
*Inter-Governmental Organisation*
*November 2020*

## നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും
## നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം നിർത്തലാക്കൽ

മത്സ്യബന്ധനം ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ഭക്ഷണം, തൊഴിൽ വരുമാനം, വിനോദം എന്നിവയുടെ ഒരു പ്രധാന ഉറവിടമാണ്. ദശലക്ഷകണക്കിന് ജനങ്ങൾ അവരുടെ ഉപജീവനത്തിനായി മത്സ്യത്തെ ആശ്രയിക്കുന്നു. ഈ തലമുറയ്ക്കും ഭാവി തലമുറയ്ക്കും ആവശ്യത്തിന് മത്സ്യം ലഭിക്കണമെങ്കിൽ ലോകത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും മത്സ്യസമ്പത്ത് സംരക്ഷിക്കാനും പരിപാലിക്കാനും തയ്യാറാവണം.

ഈ കാര്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ട് ഐക്യരാഷ്ട്രസഭയുടെ ലോക ഭക്ഷ്യ കാർഷിക സംഘടനയിലെ 170ൽ അധികം അംഗങ്ങൾ 1995ൽ ഉത്തരവാദിത്വ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റച്ചട്ടം അംഗീകരിച്ചു. ഈ നിയമാവലി സ്വമേധയാ അവലംബിക്കാൻ ഉള്ളതാണ് ഒപ്പം മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരെയും ലക്ഷ്യമിട്ടുകൊണ്ടുള്ളതുമാണ്.

നിയമാവലി സ്വീകരിച്ച് കുറെയൊക്കെ പുരോഗതി ഉണ്ടായിട്ടും എല്ലാം മത്സ്യബന്ധനവും പ്രവർത്തനങ്ങളും ഉത്തരവാദിത്വത്തോടെയല്ല നടക്കുന്നത്. ചില മത്സ്യതൊഴിലാളികൾ ഈ നിയമാവലിയിലും മറ്റ് അന്താരാഷ്ട്ര രേഖകളിലും കാണപ്പെടുന്ന നിയമങ്ങൾ ഉൾപ്പെടെ മത്സ്യബന്ധന നിയമങ്ങളെ മാനിക്കുന്നില്ല. ഉദാഹരണമായി ചില മത്സ്യതൊഴിലാളികൾ മത്സ്യബന്ധന വലകളെയും മത്സ്യബന്ധന മേഖലകളെയും സംബന്ധിച്ച നിയമങ്ങളെ മാനിക്കുന്നില്ല. മറ്റു ചിലരാകട്ടെ അവർ പിടിച്ച മീനുകളുടെ വിവരങ്ങൾ അറിയിക്കുന്നില്ല (അല്ലെങ്കിൽ തെറ്റായി അറിയിക്കുന്നു).

മത്സ്യബന്ധന പ്രവർത്തനങ്ങൾ വേണ്ടത്ര നിയന്ത്രിക്കാൻ കഴിവില്ലാത്തതോ തയ്യാറാകാത്തതോ ആയ രാജ്യങ്ങളിൽ ചില കപ്പൽ ഉടമകൾ അവരുടെ കപ്പലുകളുടെ പതാക മാറ്റുന്നു (reflag). ഇതുപോലുള്ള നിരുത്തരവാദപരമായ മത്സ്യബന്ധന പ്രവർത്തനങ്ങൾ മത്സ്യബന്ധനം ശരിയായി കൈകാര്യം ചെയ്യാനുള്ള ശ്രമങ്ങളെ നേരിട്ട് ദുർബലപ്പെടുത്തുന്നു.

നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം (ഐയുയു മത്സ്യബന്ധനം) അത്തരം നിരുത്തരവാദപരമായ പ്രവർത്തനത്തിന്റെ വിശാലമായ ശ്രേണി വിവരിക്കുന്നതിനായി ഉയർന്നുവന്നിട്ടുണ്ട്. രണ്ടു വർഷത്തിലേറെ നീണ്ട പരിശ്രമത്തിനുശേഷം 2007 ൽ ലോക ഭക്ഷ്യ കാർഷിക സംഘടന അംഗങ്ങൾ ഈ പ്രശ്നം പരിഹരിക്കുന്നതിനായി നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം (ഐപിഒഎ-ഐയുയു) തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമായി ഒരു അന്താരാഷ്ട്ര പ്രവർത്തന പദ്ധതി ആവിഷ്കരിച്ചു.

പെരുമാറ്റച്ചട്ടം (code of conduct) പോലെ ഐപിഒഎ-ഐയുയു സ്വമേധയാ അവലംബിക്കാൻ ഉള്ളതാണ്. ഇത് ഒരു ഉപകരണപെട്ടിയായി കണക്കാക്കപ്പെടുന്നു. അതായത് ഐയുയു മത്സ്യബന്ധനത്തെ അതിന്റെ പല രൂപങ്ങളിൽ കൈകാര്യം ചെയ്യാനുള്ള ഒരു കൂട്ടം ഉപകരണങ്ങൾ. ഉപകരണപെട്ടിയിലെ എല്ലാ ഉപകരണങ്ങളും എല്ലാ സാഹചര്യങ്ങളിലും ഉപയോഗിക്കാൻ അനുയോജ്യമല്ല. ഒരു മത്സ്യബന്ധനത്തിലെ പ്രത്യേക സാഹചര്യങ്ങൾ ആശ്രയിച്ചാണ് ഉപകരണങ്ങൾ തിരഞ്ഞെടുക്കുന്നത്.

ഈ ലഘുലേഖ ഇനിപ്പറയുന്നവ ഉദ്ദേശിച്ചുള്ളതാണ്:

- എഫ്എഒ അംഗങ്ങളെയും മറ്റുള്ളവരെയും ഉപകരണങ്ങളുമായി പരിചയപ്പെടാൻ സഹായിക്കുക

- പ്രത്യേക സാഹചര്യങ്ങളിൽ ഏതൊക്കെ ഉപകരണങ്ങൾ ഉപയോഗിക്കണമെന്ന് നിർദേശിക്കുക ഒപ്പം
- ഉപകരണങ്ങൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗനിർദേശം നൽകുക.

ഐപിഒഎ-ഐയുയുവിനെ കുറിച്ച് കൂടുതലറിയാനും വിവരങ്ങളുടെ ഒരു പകർപ്പ് നേടാനും ആഗ്രഹിക്കുന്ന ആളുകൾ ഇന്റർനെറ്റിലെ FAO ഫിഷറീസ് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റ് സന്ദർശിക്കുക. ഐപിഒഎ-ഐയുയു നടപ്പിലാക്കാൻ സർക്കാരുകളെയും മറ്റുള്ളവരെയും സഹായിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ എഫ്എഒ ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

ഐപിഒഎ-ഐയുയുവുമായി ബന്ധപ്പെട്ട വെബ്സൈറ്റിന്റെ വിലാസം ഇപ്രകാരമാണ്.

http.//www fao org/DOCREP/003/x6729e/X6729e00.HTM

ഇന്റർനെറ്റ് സൗകര്യമില്ലാത്തവർ ദയവായി ബന്ധപ്പെടുക: സർവീസ് ചീഫ്, എഫ്ഐപിഎൽ, ഫിഷറീസ് വകുപ്പ്, ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷൻ, വയലെഡെല്ല ടെർമെഡികാരകല്ല, 00100 റോം, ഇറ്റലി. ഒരു പകർപ്പിനായി, അറബി, ചൈനീസ്, ഇംഗ്ലീഷ്, ഫ്രഞ്ച് അല്ലെങ്കിൽ സ്പാനിഷ് ഭാഷകളിൽ നിങ്ങൾക്ക് ഐപിഒഎ-ഐയുയു വേണമെന്ന് വ്യക്തമാക്കുക.

**പശ്ചാത്തലം**

എല്ലാ മത്സ്യബന്ധന വ്യവസായങ്ങളിലും ഫലത്തിൽ ഐയുയു മത്സ്യബന്ധനം നടക്കുന്നു, ഇത് മത്സ്യബന്ധനം ശരിയായി കൈകാര്യം ചെയ്യാൻ ശ്രമിക്കുന്ന ആളുകൾക്കും ഭക്ഷണത്തിനും വരുമാനത്തിനുമായി മത്സ്യബന്ധനത്തെ ആശ്രയിക്കുന്ന ജനങ്ങൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഐയുയു മത്സ്യബന്ധനം ഒരു മത്സ്യ വ്യവസായം മുഴുവനും തകരാൻ ഇടയാക്കുന്നു.

ഐയുയു മത്സ്യബന്ധനം നടത്തുന്നവർ ഉത്തരവാദിത്വത്തോടെ പെരുമാറുന്നില്ല. മത്സ്യബന്ധന നിയമങ്ങൾ അവഗണിക്കുന്നതിലൂടെ, ഉത്തരവാദിത്വമുള്ള മത്സ്യതൊഴിലാളികളെക്കാൾ (നിയമങ്ങൾക്കനുസൃതമായി മത്സ്യബന്ധനം നടത്തുന്നവർ) ഉത്തരവാദിത്വം ഇല്ലാത്തവർക്ക് അന്യായമായ നേട്ടം ലഭിക്കുന്നു.

ഐയുയു മീൻപിടുത്തം എത്രമാത്രം നടക്കുന്നുവെന്ന് ആർക്കും കൃത്യമായി അറിയില്ല. ചില പ്രധാന മത്സ്യബന്ധനവ്യവസായത്തിൽ മൊത്തം പിടിച്ചെടുക്കുന്ന മീനിന്റെ വലിയൊരുശതമാനം ഐയുയു മത്സ്യബന്ധനത്തിലൂടെ ആണെന്ന് നമുക്കറിയാം. ലോകമെമ്പാടും ഐയുയു മീൻപിടുത്തത്തിന്റെ അളവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് ഇതിലും വലിയ പ്രശ്നം, കാരണം വർദ്ധിച്ചുവരുന്ന മത്സ്യശേഖരങ്ങളുടെ മാന്ദ്യത്തെ (അതായത് കിട്ടുന്ന മീൻ കുറയുന്നു) നേരിടാൻവേണ്ടി ഉണ്ടാക്കുന്ന കർശനമായ മത്സ്യബന്ധന നിയമങ്ങൾ ഒഴിവാക്കാൻ ഐയുയു മത്സ്യതൊഴിലാളികൾ ശ്രമിക്കുന്നു.

വ്യക്തിഗതമായും മറ്റു രാജ്യങ്ങളുമായി സഹകരിച്ചും ഐയുയു മത്സ്യബന്ധനത്തെ ചെറുക്കുന്നതിന് ഐപിഒഎ-ഐയുയു രാജ്യങ്ങൾക്ക് നിരവധി ഉപകരണങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഈ ഉപകരണങ്ങളിൽ ചിലത് എല്ലാ രാജ്യങ്ങളുടെയും ഉപയോഗത്തിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു. മറ്റു ഉപകരണങ്ങൾ ഇനി പറയുന്ന ഉപയോഗത്തിന് അനുയോജ്യമാണ്.

- പതാക രാജ്യങ്ങൾ (മത്സ്യബന്ധന കപ്പലുകൾ രേഖ ചെയ്യുന്നതും പതാകകൾ പറത്താൻ കപ്പലുകൾക്ക് അംഗീകാരം നൽകുന്നതുമായ രാജ്യങ്ങൾ)
- തീരദേശ രാജ്യങ്ങൾ (സമുദ്രത്തിന്റെ അതിർത്തിയിലുള്ള രാജ്യങ്ങൾ); ഒപ്പം
- തുറമുഖ രാജ്യങ്ങൾ (മത്സ്യബന്ധനം നടത്തുന്ന കപ്പലുകൾ വരുന്ന തുറമുഖമുള്ള രാജ്യങ്ങൾ)

അന്തർദേശീയമായി അംഗീകരിച്ച കച്ചവടവുമായി ബന്ധപ്പെട്ട നടപടികൾ പാലിക്കാനും ഐപിഒഎ-ഐയുയു ആവശ്യപ്പെടുന്നു. ഐയുയു മത്സ്യതൊഴിലാളികൾ പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിൽക്കാൻ അനുവദിക്കുകയോ വ്യാപാരം ചെയ്യുകയോ ചെയ്യാതിരിക്കാൻ രൂപകൽപ്പനചെയ്ത ഉപകരണങ്ങളാണിവ.

ഈ ലഘുലേഖയുടെ ഇനിയുള്ള ഭാഗങ്ങളിൽ വ്യത്യസ്ഥ ഉപകരണങ്ങൾ വിവരിക്കുന്നു.



**എല്ലാ രാജ്യങ്ങളുടെയും ഉത്തരവാദിത്വങ്ങൾ**

എല്ലാ രാജ്യങ്ങളുടെയും ആദ്യത്തെ ഉത്തരവാദിത്വം സമീപകാലത്ത് അന്താരാഷ്ട്ര രേഖകളിൽ കാണാവുന്ന മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ പിന്തുടരുക എന്നതാണ്. അത്തരം നിയമങ്ങളിൽ പലതും പെരുമാറ്റചട്ടത്തിൽ ഉള്ളതാണ്. മറ്റുള്ളവ മറ്റ് സന്നദ്ധ ഉപകരണങ്ങളിലും നിരവധി കരാറുകളിലും പ്രത്യക്ഷപ്പെടുന്നു (രാജ്യങ്ങൾ തമ്മിലുള്ള നിയമപരമായ കരാറുകൾ). ഉടമ്പടികളിൽ ഇതുവരെ ഒപ്പു വെക്കാൻ സമ്മതിക്കാത്ത രാജ്യങ്ങൾ എത്രയും പെട്ടെന്ന് അത് ചെയ്യണം. ഈ കരാറുകൾ സ്വീകരിച്ചു കഴിയുമ്പോൾ ലോകമെമ്പാടുമുള്ള മത്സ്യ സംരക്ഷണവും, പരിപാലനവും മത്സ്യബന്ധന വ്യവസായവും മെച്ചപ്പെടും.

പല സമുദ്ര മത്സ്യബന്ധനങ്ങളും നിയന്ത്രിക്കുന്നത് പ്രാദേശിക മത്സ്യപരിപാലന സംഘടനകളാണ്. അത്തരം മത്സ്യബന്ധനം നടത്തുന്ന കപ്പലുകളുടെ ഉടമ രാജ്യങ്ങൾ ആ സംഘടനകളിൽ അംഗങ്ങളാകണം, അല്ലെങ്കിൽ കുറഞ്ഞത് ആ രാജ്യങ്ങളുടെ കപ്പലുകൾ ഇത്തരം സംഘടനകൾ സൃഷ്ടിച്ച നിയമങ്ങളെ ദുർബലപ്പെടുത്താതിരിക്കുക.

മുൻഗണനാക്രമത്തിൽ ഓരോ രാജ്യവും അതിന്റെ മത്സ്യബന്ധന നിയമങ്ങളും പ്രയോഗങ്ങളും അവ ഐപിഒഎ-ഐയുയുവിലെ എല്ലാ പ്രസക്തമായ കാര്യങ്ങളും പ്രാപ്തമാക്കുന്നുണ്ടോ എന്നറിയാൻ അവലോകനം നടത്തേണ്ടതാണ്. അവലോകനം ചെയ്യുമ്പോൾ താഴെ കൊടുത്തിരിക്കുന്നതുപോലുള്ള ചോദ്യങ്ങൾ പരിഗണിക്കണം.

- ഐപിഒഎ-ഐയുയു ശുപാർശകൾ നടപ്പിലാക്കാൻ കൂടുതൽ നിയമപരമായ അധികാരം ആവശ്യമുണ്ടോ?
- ഐയുയു മത്സ്യബന്ധനം തടയാൻ നിലവിലുള്ള പിഴകൾ (fine) പര്യാപ്തമാണോ?
- നിങ്ങളുടെ നിയമങ്ങളും പ്രയോഗങ്ങളും നിങ്ങളുടെ മത്സ്യബന്ധന കപ്പലുകളുടെ മത്സ്യബന്ധന പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ സാധ്യമാവുന്നുണ്ടോ?
- നിങ്ങളുടെ പൗരൻമാർക്ക് (പൗരൻമാരും കമ്പനികളും) മറ്റു രാജ്യങ്ങളിൽ രേഖ ചെയ്ത കപ്പലുകളുണ്ടോ? അല്ലെങ്കിൽ വിദേശ കപ്പലുകളിൽ കപ്പിത്താൻമാരായി ജോലി ചെയ്യുന്നുണ്ടോ? നിങ്ങളുടെ നിയമങ്ങളും കീഴ്‌വഴക്കങ്ങളും ഐയുയു മത്സ്യബന്ധനത്തിന് അവർക്കെതിരെ നടപടിയെടുക്കാൻ അനുവദിക്കുന്നുണ്ടോ?
- നിങ്ങളുടെ കടലുകളിൽ വിദേശകപ്പലുകളെ മീൻ പിടിക്കാൻ അനുവദിക്കുകയാണെങ്കിൽ, അത്തരം കരാറുകൾ ഐയുയു മത്സ്യബന്ധനം തടയുന്നതിനായി കൂടുതൽ ശക്തിപ്പെടുത്തേണ്ട ആവശ്യമുണ്ടോ?
- വിദേശ കപ്പലുകളെ നിങ്ങളുടെ തുറമുഖങ്ങളിൽ മീൻ ഇറക്കാനോ കൈമാറ്റം ചെയ്യാനോ അനുവദിക്കുകയാണെങ്കിൽ, നിങ്ങളുടെ നിയമങ്ങളും പ്രയോഗങ്ങളും അത്തരം പ്രവർത്തനങ്ങളെ, ഉദാഹരണത്തിന് പരിശോധനകൾ വഴി, നിയന്ത്രിക്കാൻ അനുവദിക്കുമോ?



ഐയുയു മത്സ്യതൊഴിലാളികൾ പിടിക്കപ്പെടാതിരിക്കാൻ ശ്രമിക്കുന്നു. മത്സ്യബന്ധന പ്രവർത്തനങ്ങളുടെ നിയന്ത്രണം, നിരീക്ഷണം, മേൽനോട്ടം (MCS) മുതലായവ വളരെ പരിമിതമായ രീതിയിൽ മാത്രം നടക്കുന്ന പ്രദേശങ്ങളിലാണ് അവർ പലപ്പോഴും പ്രവർത്തിക്കുന്നത്. ഐപിഒഎ-ഐയുയു, ഐയുയു മീൻപിടുത്തത്തിനെതിരെ പ്രയോഗിക്കാനുള്ള എംസിഎസ് ഉപകരണങ്ങളുടെ വിശാലമായ ശ്രേണി വിവരിക്കുന്നുണ്ട്.

- കപ്പൽ നിരീക്ഷണ സംവിധാനങ്ങൾ (വിഎംഎസ്)
- നിരീക്ഷക നടപടിക്രമം
- പിടിച്ച മീനുകളുടെ കണക്ക് രേഖപ്പെടുത്തുന്ന സമ്പ്രദായം
- തുറമുഖത്തും കടലിലുമുള്ള കപ്പലുകളുടെ പരിശോധന
- ഐയുയു സംശയിക്കപ്പെടുന്ന കപ്പലുകളുടെ തുറമുഖ പ്രവേശനം അല്ലെങ്കിൽ പ്രത്യേക അവകാശങ്ങൾ നിരസിക്കൽ മുതലായവ

എംസിഎസിനെ വളരെയധികം മെച്ചപ്പെടുത്താൻ സഹായിക്കുന്ന ഒരു ഉപകരണമാണ് വിഎംഎസ്. വിഎംഎസ് ഉപയോഗിക്കുന്ന കപ്പലുകളുടെ സ്ഥാനം അല്ലെങ്കിൽ മാർഗ്ഗം എളുപ്പത്തിൽ മനസ്സിലാക്കാൻ രാജ്യങ്ങൾക്ക് കഴിയും. കപ്പലുകൾക്ക്

മീൻ പിടുത്തത്തെക്കുറിച്ചുള്ള അടിസ്ഥാന കാര്യങ്ങൾ ഭരണാധികാരികളിലേക്ക് വേഗത്തിലും ചിലവ് കുറഞ്ഞ രീതിയിലും അയക്കാൻ സഹായിക്കുന്നതോടൊപ്പം അപകടത്തിൽപ്പെടുന്ന കപ്പലുകൾക്ക് സഹായം ചോദിക്കാനും വിഎംഎസ് ഉപയോഗിക്കാം.

രാജ്യങ്ങൾ അവരുടെ മീൻപിടുത്ത കപ്പലുകളിലും അവരുടെ കടലുകളിൽ കുറെയേറെ മീൻപിടിക്കുന്ന വിദേശ കപ്പലുകളിലും വിഎംഎസ് ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. സമീപകാലത്തായി വിഎംഎസിന്റെ ചിലവ് വളരെയധികം കുറഞ്ഞിട്ടുണ്ട്. എല്ലാ രാജ്യങ്ങളും വിഎംഎസ് ഉപയോഗിക്കാനും ഉപയോഗിക്കുന്നവർ അത് വിപുലീകരിക്കുവാനും ശക്തമായി പരിശ്രമിക്കണം. വിഎംഎസിനെക്കുറിച്ചുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ എഫ്എഒ വെബ്സൈറ്റിൽ അല്ലെങ്കിൽ എഫ്എഒ ഓഫീസുകളിൽ ലഭ്യമാണ്.



ഇനിപറയുന്ന ശരിയായ പ്രവർത്തനങ്ങളിലൂടെ മത്സ്യതൊഴിലാളികളെ മത്സ്യബന്ധന നിയമങ്ങൾ അനുസരിപ്പിക്കാൻ സർക്കാരുകൾക്ക് കഴിയും

- സാമൂഹ്യ പരിശീലനവും മത്സ്യതൊഴിലാളികൾക്കുവേണ്ടിയുള്ള മറ്റ് പ്രവർത്തനങ്ങളും
- മത്സ്യബന്ധന നിയമങ്ങളുടെ വികസനത്തിൽ തൽപരകക്ഷികളുടെ പങ്കാളിത്തം ഉറപ്പാക്കുക
- നിയമങ്ങൾ പാലിക്കുന്നതിന് അനുകൂലമായി സമൻമാരുടെ സമ്മർദ്ദം വളർത്തുക.
- മത്സ്യതെഴിലാളികൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാൻ പറ്റുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുക.

നിയമങ്ങൾ ലംഘിക്കുന്ന മത്സ്യതൊഴിലാളികൾ ഭാരിച്ച പിഴകൾ കൊടുക്കേണ്ടതാണ്. മീൻപിടുത്ത കപ്പലുകളെ പരിശോധിക്കാനുള്ള സംവിധാനങ്ങൾ സർക്കാർ മെച്ചപ്പെടുത്തേണ്ടതാണ്. ഐയുയു മീൻപിടുത്തം നടക്കുന്നുണ്ട് എന്ന് സംശയം തോന്നിയാൽ അന്വേഷിക്കുകയും നിയമം ലംഘിക്കുന്നവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യുക.

മത്സ്യ വ്യവസായവുമായി ബന്ധപ്പെട്ട നിരീക്ഷണ, നിയന്ത്രണ, മേൽനോട്ട പ്രവർത്തനങ്ങളുടെ സഹകരണത്തിനും ഏകോപനത്തിനുമായുള്ള അന്താരാഷ്ട്ര ശൃംഖല (നെറ്റ്വർക്ക്) പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നത് രാജ്യങ്ങൾ പരിഗണിക്കണം. ചിലതരം വിവരങ്ങൾ രാജ്യങ്ങൾക്ക് എളുപ്പത്തിൽ സ്വായത്തമാക്കാൻ ഈ ശൃംഖല അന്താരാഷ്ട്ര എംസിഎസിനെ ഏകോപിക്കുന്നതിലൂടെ സാധ്യമാകുന്നു. ഈ ശൃംഖലയെക്കുറിച്ച് കൂടുതൽ അറിയാൻ താഴെ വിവരിച്ച വെബ്സൈറ്റ് സന്ദർശിക്കുക.

http://swr.ucsd.edu/enf/mcs//mcs.htm
user name: mcs
password: mcsnet

**പതാക രാജ്യങ്ങളുടെ ഉത്തരവാദിത്വങ്ങൾ**

മത്സ്യം പിടിക്കുന്നതും മത്സ്യം പിടിക്കാൻ സഹായിക്കുന്നതുമായ തങ്ങളുടെ കപ്പലുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക എന്നത് പതാക രാജ്യങ്ങളുടെ പ്രാഥമിക ഉത്തരവാദിത്വമാണ് (മീൻപിടുത്ത കപ്പലുകളിൽ നിന്ന് മീൻ ശേഖരിച്ചുകൊണ്ടുപോകുന്ന ''വാഹനകപ്പൽ'' ഒപ്പം മീൻപിടുത്ത കപ്പലിലേക്ക് ഇന്ധനവും വിഭവങ്ങളും കൊണ്ടുവരുന്ന കപ്പലുകളും). പതാക രാജ്യങ്ങളെ അവരുടെ കപ്പലുകളുടെ നിയന്ത്രണം ശക്തിപ്പെടുത്താൻ സഹായിക്കുന്നതിനായി ഐപിഒഎ-ഐയുയു ഉപകരണങ്ങളുടെ വിപുലമായ ശേഖരം വാഗ്ദാനം ചെയ്യുന്നു.

ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ പതാക രാജ്യങ്ങളിലെ സർക്കാരുകൾക്ക് അവ പ്രവർത്തിപ്പിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടായിരിക്കണം. നിർഭാഗ്യവശാൽ നിരവധി രാജ്യങ്ങൾ കപ്പലുകളുടെ മത്സ്യബന്ധന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അടിസ്ഥാന നടപടികളൊന്നും സ്വീകരിക്കാതെ കപ്പലുകളുടെ രേഖ ചെയ്യൽ തുടർന്നുകൊണ്ടിരിക്കുന്നു. ഐയുയു മീൻപിടുത്തത്തിലെ പ്രശ്നങ്ങൾ വിജയകരമായി പരിഹരിച്ച് മത്സ്യ സംരക്ഷണവും പരിപാലനവും മെച്ചപ്പെടണമെങ്കിൽ സ്ഥിതി മാറേണ്ടതുണ്ട്.

*<u>മത്സ്യബന്ധന കപ്പൽ രേഖ ചെയ്യൽ.</u>* ഒരു മത്സ്യബന്ധന കപ്പൽ രേഖ ചെയ്യുന്നതിനും ആ രാജ്യത്തിന്റെ പതാക പറത്താൻ അനുവാദം നൽകുന്നതിനും മുമ്പ് ആ കപ്പലിന്റെ മത്സ്യബന്ധന പ്രവർത്തനങ്ങൾ നിയന്ത്രിക്കാനുള്ള കഴിവ് ആ രാജ്യത്തിന് ഉണ്ടെന്ന് ഉറപ്പാക്കണം.

പല രാജ്യങ്ങളിലും ചെറിയ മത്സ്യബന്ധന കപ്പലുകൾ (ബോട്ടുകൾ) രേഖ ചെയ്യേണ്ട ആവശ്യമില്ല. എന്നിരുന്നാലും ഐയുയു മീൻപിടുത്തത്തിന്റെ വളർച്ചയുടെ വെളിച്ചത്തിൽ ചെറിയ കപ്പലുകളടക്കം കഴിയുന്നത്ര കപ്പലുകളെ രേഖചെയ്യാൻ ആവശ്യപ്പെടാൻ സർക്കാരുകൾ തയ്യാറാവേണ്ടതുണ്ട്, പറ്റുമെങ്കിൽ എല്ലാ ബോട്ടുകളും, കൂടാതെ അവയെല്ലാം മീൻപിടുത്ത കപ്പലുകളുടെ രേഖാ പുസ്തകത്തിൽ ചുവടെ വിവരിച്ചതുപോലെ ഉൾപ്പെടുത്തുകയും വേണം.

ഒരു കപ്പൽ ഐയുയു മീൻപിടുത്തത്തിൽ ഏർപ്പെടുമെന്ന് പ്രവചിക്കാൻ പ്രയാസമാണെങ്കിലും ആ കപ്പൽ മുൻപ് ഐയുയു മീൻപിടുത്തത്തിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ വീണ്ടും അങ്ങനെ ചെയ്യാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ഐയുയു മീൻപിടുത്തത്തിന്റെ ചരിത്രമുള്ള കപ്പലുകൾ രേഖ ചെയ്യുന്നത് രാജ്യങ്ങൾ ഒഴിവാക്കുക.

പേരും രേഖയും (രജിസ്ട്രേഷൻ) മാറ്റി പലപ്പോഴും ഒരേ കപ്പലുകൾ തന്നെയാണ് ഐയുയു മീൻപിടുത്തത്തിൽ ഏർപ്പെടുന്നതെന്ന് മുൻ അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. ഒരു കപ്പൽ രേഖചെയ്യാൻ ആഗ്രഹിക്കുന്ന അതിന്റെ ഉടമ ആ കപ്പൽ മുമ്പ് ഏതെല്ലാം രാജ്യങ്ങളിൽ മറ്റ് പേരുകളിൽ ഉൾപ്പെടെ രേഖ ചെയ്തിട്ടുണ്ടെന്ന് സർക്കാരിനോട് വ്യക്തമാക്കേണ്ടതുണ്ട്. കപ്പൽ ഇടക്കിടെ പതാക മാറ്റുന്ന പതിവ് ഉണ്ടെങ്കിൽ അത്തരം കപ്പലുകൾ ഐയുയു മീൻപിടുത്തത്തിൽ ഏർപ്പെട്ടിരിക്കാൻ സാധ്യത കൂടുതലാണ്. കപ്പലിന്റെ രേഖയിൽ പതിവായി എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം കപ്പൽ ഉടമ സർക്കാരിനെ അറിയിക്കണം.

*<u>മീൻപിടുത്ത കപ്പലുകളുടെ രേഖകൾ.</u>* മത്സ്യബന്ധന കപ്പലുകളുടെ രേഖകൾ ഓരോ രാജ്യവും സൂക്ഷിക്കേണ്ടതാണ്. രേഖയിൽ കപ്പലുകളുടെ ഭൗതിക സവിശേഷതകളുമായി ബന്ധപ്പെട്ട വിവരണം അതുപോലെ അവരുടെ മുൻകാല മത്സ്യബന്ധന ചരിത്രവും ഉൾപ്പെടുത്തിയിരിക്കണം ഒപ്പം താഴെ കൊടുത്തിരിക്കുന്നവയും ഉൾപ്പെടുത്തണം.

- മത്സ്യബന്ധന കപ്പലിന്റെ പേര്, രേഖ (രജിസ്ട്രേഷൻ നമ്പർ), മുമ്പത്തെ പേരുകൾ (അറിയാമെങ്കിൽ), രേഖ ചെയ്ത തുറമുഖം;
- മുമ്പത്തെ പതാക (ഉണ്ടെങ്കിൽ);
- അന്താരാഷ്ട്ര റേഡിയോ കോൾ അടയാളം (എന്തെങ്കിലും ഉണ്ടെങ്കിൽ);
- എവിടെ, എപ്പോൾ നിർമ്മിച്ചിരിക്കുന്നു;
- കപ്പലിന്റെ തരം (type of vessel)
- മത്സ്യബന്ധന രീതി അല്ലെങ്കിൽ രീതികൾ;
- മൊത്തം രേഖ ചെയ്ത കേവുഭാരം (registered tonnage). പ്രധാന എഞ്ചിൻ അല്ലെങ്കിൽ എഞ്ചിനുകളുടെ ശക്തി
- നീളം;
- ആഴം (molded depth)
- ബീം (തുലാം);
- രേഖ ചെയ്യുന്ന സമയത്ത് അല്ലെങ്കിൽ ഏറ്റവും പുതിയ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയശേഷം എടുത്ത കപ്പലിന്റെ ആകൃതി കാണിക്കുന്ന പടം (ഫോട്ടോ)
- കപ്പൽ ഉടമയുടെ അല്ലെങ്കിൽ കമ്പനിയുടെ പേര്, വിലാസം, ദേശീയത
- കപ്പൽ ഉപയോഗിക്കുന്ന വ്യക്തിയുടെ (കളുടെ) പേര്, വിലാസം, ദേശീയത
- വ്യക്തിയുടെ (കളുടെ) അല്ലെങ്കിൽ കപ്പലിന്റെ പ്രയോജനകരമായ ഉടമസ്ഥാവകാശമുള്ള സംഘത്തിന്റെ പേര്, വിലാസം, ദേശീയത;
- കപ്പലിന്റെ ഉടമസ്ഥാവകാശ ചരിത്രം, അറിയപ്പെടുന്നിടത്ത്, കപ്പലിന്റെ ഏതെങ്കിലും ഐയുയു മീൻപിടുത്തത്തിന്റെ ചരിത്രം. (പട്ടികയിലുള്ള എല്ലാ കപ്പലുകളും സജീവമായി മീൻപിടുത്തം നടത്തുന്നുണ്ടോ എന്ന് രേഖകൾ സൂചിപ്പിക്കണം.)

*<u>മത്സ്യബന്ധനത്തിനുള്ള അനുമതി.</u>* കപ്പലുകൾക്ക് സർക്കാരിന്റെ സ്പഷ്ടമായ മീൻപിടുത്തത്തിനുള്ള അനുമതി ലഭിച്ചിട്ടില്ലെങ്കിൽ അത്തരം കപ്പലുകൾ ഏതെങ്കിലും കടലിൽ മീൻപിടിക്കുന്നത് പതാക രാജ്യങ്ങൾ നിരോധിക്കണം. ശരിയായ രേഖ ചെയ്തിട്ടുള്ളതും മത്സ്യബന്ധന കപ്പലുകളുടെ രേഖകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ കപ്പലുകൾക്ക് മാത്രമേ പതാക രാജ്യങ്ങൾ മീൻപിടിക്കാനുള്ള അനുമതി നൽകാൻ പാടുള്ളൂ.

മത്സ്യബന്ധനത്തിനുള്ള അനുമതിയിൽ പറഞ്ഞതുപ്രകാരം മാത്രം മത്സ്യബന്ധനം നടത്താൻ തയ്യാറുള്ള ഉടമസ്ഥനോ ഉപയോഗിക്കുന്ന വ്യക്തികൾക്കോ മാത്രമേ അനുമതി നൽകാവൂ, എങ്കിലേ അത്തരം കപ്പലുകളെ പതാക രാജ്യങ്ങൾക്ക് നിയന്ത്രിക്കാൻ സാധിക്കൂ. ഇവ വ്യവസ്ഥകൾ വ്യക്തമാക്കണം. ഉദാഹരണത്തിന്:

- ഏത് ഇനത്തെ (species) പിടിക്കാം.
- ഏത് വല ഉപയോഗിക്കാം. കൂടാതെ
- എവിടെ എപ്പോൾ ഈ കപ്പലുകൾക്ക് മീൻ പിടിക്കാം.

ഐപിഒഎ-ഐയുയു ഖണ്ഡിക 47 അത്തരം വ്യവസ്ഥകളുടെ പരിധി വിശാലമായി നിർദ്ദേശിക്കുന്നു, (എല്ലാ സാഹചര്യങ്ങളിലും എല്ലാം ബാധകമല്ല).

ഒരു തീരദേശ രാജ്യം ഒരു വിദേശ കപ്പലിന് അവരുടെ അധീനതയിലുള്ള കടലിൽ മത്സ്യബന്ധനത്തിനുള്ള അനുമതി നൽകുന്നതിനുമുമ്പ് ആ കപ്പലിന് പതാക രാജ്യം അവരുടെ അധികാരപരിധിക്കു പുറത്തുള്ള കടലിൽ മീൻപിടിക്കാൻ അനുമതി നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കണം.

*മറ്റ് നിയന്ത്രണ നടപടികൾ.* മീൻപിടുത്ത കപ്പലുകളുടെ രേഖചെയ്യലും, മീൻ പിടുത്തത്തിന്റെ രേഖകൾ ഉണ്ടാക്കുകയും, ശരിയായ വിധത്തിൽ മത്സ്യബന്ധന അനുമതി കപ്പലുകൾ ഉപയോഗിക്കുകയും ചെയ്യുമ്പോൾ ഒരു പതാക രാജ്യത്തിന് മത്സ്യബന്ധന പ്രവർത്തനങ്ങൾ നിയന്ത്രിക്കാനുള്ള ഔപചാരികമായ അല്ലെങ്കിൽ നിയമപരമായ അടിസ്ഥാനം ലഭിക്കുന്നു. പതാകരാജ്യം കപ്പലുകളുടെ യഥാർത്ഥ നിയന്ത്രണം നേടാൻ ഐപിഒഎ-ഐയുയുവിൽ വിവരിച്ചിരിക്കുന്ന വിവിധ പ്രായോഗിക ഉപകരണങ്ങളിൽ നിന്ന് ഉചിതമായവ തിരഞ്ഞെടുക്കണം.

ഉദാഹരണത്തിന് ഒരു രാജ്യം അതിന്റെ മത്സ്യബന്ധന കപ്പലുകൾ എവിടെയാണ് ഉള്ളതെന്ന് അറിഞ്ഞിരിക്കണം, ഒരോ നിമിഷത്തിൽ ഇല്ലെങ്കിലും കുറഞ്ഞത് ഒരു പതിവ് ഇടവേളകളിൽ ഉദാഹരണത്തിന് ആഴ്ചയിൽ ഒരിക്കലെങ്കിലും കപ്പലുകളുടെ നിരീക്ഷിക്കുന്നതിനുള്ള സാധാരണ ഉപകരണങ്ങളിൽ നിർബന്ധിത സ്ഥാനം (mandatory position) റേഡിയോ വഴി അറിയിക്കുന്നതും പതിവായി കപ്പലിന്റെ നിർബന്ധിത നാൾ വിവരപ്പട്ടിക എഴുതുന്നുതും ഉൾപ്പെടും. മത്സ്യബന്ധനത്തിനുള്ള അനുമതി നൽകുന്നതിനു മുമ്പ് കപ്പൽ ജോലിക്കാരുടെ സ്വീകാര്യത ഈ വിഷയത്തിൽ ആവശ്യമാണ്.

ഉത്തരവാദിത്വമുള്ള കപ്പൽ ജോലിക്കാർ ഈ ആവശ്യകതകൾ പാലിച്ചേക്കാം എന്നാൽ നിർഭാഗ്യവശാൽ ഐയുയു മത്സ്യതൊഴിലാളികൾ പലപ്പോഴും ഇത് ചെയ്യുന്നില്ല. അതിനാൽ ഒരു പതാക രാജ്യത്തിന് കടലിൽ അതിന്റെ കപ്പലുകളുടെ സ്ഥാനം സ്ഥിരീകരിക്കാൻ മറ്റെന്തെങ്കിലും മാർഗമുണ്ടായിരിക്കണം. മുകളിൽ ചർച്ച ചെയ്തത് പോലെ വി.എം.എസ് ഒരു മാർഗ്ഗമാണ്. കപ്പലിനെ നിരീക്ഷിക്കാനും, സ്ഥാനം നിർണ്ണയിക്കാനും, മത്സ്യബന്ധന പ്രവർത്തനങ്ങൾ അറിയിക്കാനുമായി ഒരു സ്വതന്ത്ര നിരീക്ഷകനെ കപ്പലിൽ നിർത്തുന്നതാണ് മറ്റൊരു മാർഗ്ഗം. പതാക രാജ്യങ്ങൾ അവരുടെ കപ്പലുകളെ കടലിൽ റോന്ത്ചുറ്റി മീൻപിടിക്കുന്ന സ്ഥലത്തുനിന്ന് കണ്ടെത്താനുള്ള കഴിവ് വർദ്ധിപ്പിക്കേണ്ടതുണ്ട്.

ഒരു കപ്പലിന് മത്സ്യബന്ധനത്തിനുള്ള അനുമതി ലഭിക്കണമെങ്കിൽ അത് അന്താരാഷ്ട്ര തലത്തിൽ അംഗീകരിച്ച അതായത് എഫ്എഒ ഗുണനിലവാരമുള്ള അടയാളപ്പെടുത്തുന്നതിനുള്ള സവിശേഷതകളും മാർഗ്ഗനിർദേശങ്ങളും ഒപ്പം മീൻപിടുത്ത കപ്പലുകളുടെ തിരിച്ചറിയുന്നതിനുള്ള മാനദണ്ഡങ്ങൾ വച്ചുകൊണ്ട് അടയാളപ്പെടുത്തിയിരിക്കണം. എളുപ്പം തിരിച്ചറിയുന്നതിനും കണ്ടെത്തുന്നതിനും പറ്റുന്നവിധത്തിൽ മത്സ്യബന്ധന വലകളും അടയാളപ്പെടുത്തണം.

ഒരു പതാക രാജ്യത്തിന് അതിന്റെ ഓരോ മത്സ്യബന്ധന കപ്പലുകളും പിടിക്കുന്നത് എന്താണെന്നറിയാൻ ചില വഴികൾ ഉണ്ടായിരിക്കണം. അതിനാൽ പതാക രാജ്യങ്ങളുടെ കപ്പലുകൾ അവരുടെ മത്സ്യബന്ധന പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ അറിയിക്കേണ്ടതുണ്ട്. വിഎംഎസ്, റേഡിയോ, ഫാക്സ് മുതലായ ഉപകരണങ്ങൾ അത്തരം വിവരങ്ങൾ അറിയിക്കുന്നതിനുള്ള സൗകര്യപ്രദവും വേഗമേറിയതുമായ മാർഗ്ഗങ്ങളാണ്. നാൾവിവരപ്പട്ടിക എഴുത്ത് (log) വഴി '' നിർബന്ധിത'' പിടിച്ച മീനിന്റെ കണക്ക് അറിയിക്കുന്നത് സാധാരണമാണ്. മറ്റ് രീതികളും ലഭ്യമാണ്.

മത്സ്യബന്ധനത്തിന്റെ കണക്കും കാര്യങ്ങളും ഓരോ മത്സ്യബന്ധനത്തിനും വ്യത്യാസപ്പെട്ടിരിക്കുമെങ്കിലും, മത്സ്യബന്ധന സമയത്ത് മീൻപിടിക്കുന്നതിന്റെ കുറഞ്ഞത് സമയബന്ധിതവും പൂർണ്ണവും കൃത്യവുമായ വിവരങ്ങൾ ഇനി വിവരിക്കുന്ന കാര്യങ്ങൾ അടക്കം അറിയിക്കാൻ പതാക രാജ്യങ്ങൾ അവരുടെ കപ്പലുകളോട് ആവശ്യപ്പെടണം.

- കപ്പൽ തിരിച്ചറിയൽ (റേഡിയോ കോൾ അടയാളം, തുറമുഖം, രേഖ ചെയ്തതിന്റെ എണ്ണം);
- കപ്പലിന്റെ സ്ഥാനം;
- കപ്പലിന്റെ ഗതി
- മത്സ്യബന്ധനശ്രമം (മത്സ്യബന്ധന സ്ഥലം, തീയതി, സമയം, മത്സ്യം പിടിച്ച സ്ഥലം);
- പിടിച്ചെടുത്ത മത്സ്യങ്ങൾ ഇനം തിരിച്ച് (പിടിക്കാൻ ഉദ്ദേശിച്ച മീൻ)
- ഉദ്ദേശിക്കാത്ത മീൻ നാമം മാത്രമായ ഭാരം അനുസരിച്ച് (live weight eqivalant of landings);
- മേഖല ഗമനാഗമന മാർഗ്ഗം (അടച്ച പ്രദേശങ്ങൾ ഉൾപ്പെടെ)
- തുറമുഖ ആഗമന അറിയിപ്പുകൾ.

അറിയിച്ച വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ പതാക രാജ്യങ്ങൾക്ക് കഴിയണം കൂടാതെ വിവരം അറിയിക്കാത്തതിനും വിവരങ്ങൾ തെറ്റായി അറിയിക്കുന്നതിനും പിഴ ചുമത്തണം. തുറമുഖത്തെ പതിവ് പരിശോധനയും കപ്പലുകളിൽ സ്വതന്ത്ര നിരീക്ഷകരെ നിർത്തുന്നതും ഉൾപ്പെട്ടതാണ് സമീപനം. മുകളിൽ ചർച്ചചെയ്തത് പോലെ ഐയുയു മത്സ്യബന്ധനത്തിന് ചുമത്തുന്ന പിഴകൾ ആവശ്യത്തിന കർശനമാണെന്ന് പതാക രാജ്യങ്ങൾ ഉറപ്പാക്കണം. ഗുരുതരമായ കുറ്റങ്ങൾക്ക്, അത്തരം ഉപരോധങ്ങളിൽ മത്സ്യബന്ധനത്തിനുള്ള കപ്പലിന്റെ അംഗീകാരം പിൻവലിക്കുകയോ താൽകാലികമായി നിർത്തുകയോ ചെയ്യണം. മത്സ്യബന്ധന കപ്പലുകളിലെ കപ്പിത്താൻമാരെയും മറ്റ് ഉദ്യോഗസ്ഥരെയും സംബന്ധിച്ചിടത്തോളം ബാധകമായ ഉപരോധങ്ങളിൽ ആ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിക്കുന്നതിനുള്ള അംഗീകാരം പിൻവലിക്കുകയോ തൽക്കാലികമായി നിർത്തുകയോ ചെയ്യണം. മത്സ്യതൊഴിലാളികളെ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിൽ നിന്ന് നിരുൽസാഹപ്പെടുത്താൻ കടുത്ത ശിക്ഷകൾ ആവശ്യമാണ്.

**തീരദേശ രാജ്യങ്ങളുടെ ഉത്തരവാദിത്വങ്ങൾ**

ലോകമെമ്പാടുമുള്ള മത്സ്യബന്ധനത്തിന്റെ 90 ശതമാനവും തീരദേശ രാജ്യങ്ങളുടെ നിയന്ത്രണത്തിലുള്ള കടലുകളിലാണ്. ഐയുയു മീൻപിടുത്തത്തിന്റെ നല്ലൊരുഭാഗം ആ കടലിൽത്തന്നെ സംഭവിക്കുന്നു. തീരദേശ രാജ്യങ്ങളിൽ തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ള കപ്പലുകളാണ് ഐയുയു മീൻപിടുത്തത്തിന്റെ ഭൂരിഭാഗവും നടത്തുന്നത്, പ്രത്യേകിച്ച് പിടിച്ച മീനിന്റെ അളവുകൾ കുറച്ച് അറിയിക്കൽ അല്ലെങ്കിൽ കണക്കുകൾ തെറ്റായി അറിയിക്കൽ. മറ്റ് സന്ദർഭത്തിൽ വിദേശ കപ്പലുകൾ തീരദേശ രാജ്യത്തിന്റെ അനുമതിയില്ലാതെ മത്സ്യബന്ധനം നടത്തുന്നു, അതായത് ഒളിമീൻപിടുത്തം അല്ലെങ്കിൽ മോഷ്ടിക്കൽ അല്ലെങ്കിൽ തീരദേശ രാജ്യം അവർക്ക് നൽകിയിട്ടുള്ള പ്രവേശന നിബന്ധനകൾ ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നു.

ഈ കടലിൽ ഐയുയു മത്സ്യബന്ധനം നടത്തുന്നത് പ്രധാനമായും തീരദേശ രാജ്യങ്ങളെയും അവിടെ പ്രവർത്തിക്കുന്ന ഉത്തരവാദിത്വമുള്ള മത്സ്യതൊഴിലാളികളെയും ദോഷകരമായി ബാധിക്കുന്നു. അതിനാൽ തീരദേശ രാജ്യങ്ങൾ തങ്ങളുടെ കടലിൽ ഐയുയു മത്സ്യബന്ധനം തടയാൻ ആവുന്നതെല്ലാം ചെയ്യണം, കാരണം അവ ഇപ്പോളും ഭാവിയിലും നേരിട്ട് നേട്ടം കൊയ്യും.

ഐയുയു മത്സ്യബന്ധനം നടത്തുന്ന കപ്പലുകൾ തീരദേശരാജ്യത്ത് രേഖ ചെയ്തിട്ടുണ്ടെങ്കിൽ ആ രാജ്യം പതാക രാജ്യം കൂടിയാണ്, ആ കപ്പലുകളെ കൈകാര്യം ചെയ്യുന്നതിന് ഈ ലഘുപുസ്തകത്തിന്റെ മുൻഭാഗത്ത് വിവരിച്ച ഉപകരണങ്ങൾ ഉപയോഗിക്കണം.

ഐയുയു മത്സ്യബന്ധനം നടത്തുന്ന കപ്പലുകൾ ഒരു വിദേശ രാജ്യത്ത് രേഖ ചെയ്തിട്ടുള്ളവയാണെങ്കിൽ തീരദേശ രാജ്യത്തിന് നിർവഹണത്തിനായി നിരവധി ഉപകരണങ്ങൾ ഉണ്ട്. ആ ഉപകരണങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- വിദേശ കപ്പലുകൾക്ക് മത്സ്യബന്ധനത്തിന് അധികാരപ്പെടുത്തുന്ന രേഖ സൂക്ഷിക്കുക;
- തീരദേശ രാജ്യത്തിന് തത്സസമയം അല്ലെങ്കിൽ ഏകദേശ തത്സമയം കപ്പലിന്റെ സ്ഥാനം മനസ്സിലാക്കാൻ വിഎംഎസ്-ൽ നിന്ന് പതിവ് വിവരങ്ങൾ സ്വീകരിക്കാനും ഒപ്പം
- വിദേശ കപ്പലുകൾ സ്വതന്ത്ര നിരീക്ഷകരെ വഹിക്കാൻ അല്ലെങ്കിൽ ഒരു നിശ്ചിത ശതമാനം കപ്പലുകൾ നിരീക്ഷകരെ വഹിക്കാൻ ആവശ്യപ്പെടുന്നു.

ഐയുയു മത്സ്യബന്ധന ചരിത്രമുള്ള കപ്പലുകൾക്ക് പതാക രാജ്യങ്ങൾ രേഖ ചെയ്യാൻ അനുവാദം നൽകാത്തതുപോലെ അത്തരം കപ്പലുകൾക്ക് തീരദേശ രാജ്യങ്ങൾ പ്രവേശനം നൽകുന്നത് ഒഴിവാക്കേണ്ടതാണ്. പ്രായോഗികമായി തീരദേശ രാജ്യം മത്സ്യബന്ധനത്തിനുള്ള അനുമതി നൽകുന്നതിനുമുമ്പ് അവരുടെ കപ്പലുകൾക്ക് ഐയുയു മത്സ്യബന്ധനത്തിന്റെ ചരിത്രമില്ലെന്ന് ഉറപ്പ് നൽകാൻ പതാകരാജ്യത്തോട് അഭ്യർത്ഥിക്കണം.

ഒരു തീരദേശ രാജ്യം അതിന്റെ കടലിൽ മത്സ്യബന്ധനം നടത്താൻ ആഗ്രഹിക്കുന്ന പതാകരാജ്യങ്ങളുടെ കപ്പലുകളിൽ നിന്ന് ഒരു ഔദ്യോഗിക കരാർ തേടണം. പതാകരാജ്യത്തിന്റെ കപ്പലുകൾ നടത്തുന്ന മത്സ്യബന്ധന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തുടർച്ചയായ ഉത്തരവാദിത്വങ്ങൾ കരാറിൽ വ്യക്തമാക്കാം. കുറഞ്ഞത് പ്രവേശന നിബന്ധനകളും വ്യവസ്ഥകളും ലംഘിച്ച കപ്പലുകൾക്ക് പിഴ ചുമത്താൻ കരാർ പതാക രാജ്യത്തെ ചുമതലപ്പെടുത്തണം. തീരദേശ രാജ്യം ഏറ്റെടുക്കുന്ന എംസിഎസ് ശ്രമങ്ങളെ സഹായിക്കുന്നതിന് ഈ കരാർ പതാക രാജ്യത്തെ ചുമതലപ്പെടുത്തിയേക്കാം.

കടലിൽവച്ച് മീൻ ഇറക്കി കച്ചവടം നടത്തുന്നത് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടായതിനാൽ ഐയുയു മത്സ്യത്തൊഴിലാളികൾ തുറമുഖത്തെക്കാൾ കടലിൽ കച്ചവടം ചെയ്യുന്നതാണ് ഇഷ്ടപ്പെടുന്നത്. എല്ലാ കൈമാറ്റങ്ങളും, തുറമുഖത്ത് നടക്കണമെന്ന് അല്ലെങ്കിൽ കുറഞ്ഞത് കടലിൽ കൈമാറ്റം നടത്തേണ്ടത് ശരിയായ നിയന്ത്രണങ്ങൾക്ക് അനുസൃതമാണെന്നും മത്സ്യം കൈമാറ്റം ചെയ്യപ്പെടുന്നതിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ പരിശോധകർക്ക് ഹാജരാകാവുന്ന സ്ഥലങ്ങളിലും ആയിരിക്കാൻ തീരദേശ രാജ്യങ്ങൾ പരിശ്രമിക്കണം.



**തുറമുഖ രാജ്യങ്ങളുടെ ഉത്തരവാദിത്വങ്ങൾ**

ഐയുയു മത്സ്യതൊഴിലാളികൾ ചരക്ക് ഇറക്കുന്നതിനോ കൈമാറ്റം നടത്തുന്നതിനോ വേണ്ടി പിടിച്ച മീൻ തുറമുഖത്തേക്ക് എത്തിക്കണം. ചില രാജ്യങ്ങൾ അറിഞ്ഞോ അല്ലാതെയോ തങ്ങളുടെ തുറമുഖങ്ങൾ ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ അനുവദിക്കുന്നു. മറ്റ് രാജ്യങ്ങൾ സ്വന്തമായും മറ്റുള്ളവരുമായി സഹകരിച്ചും ഐയുയു മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് അവരുടെ തുറമുഖങ്ങളിലേക്കുള്ള പ്രവേശനം പരിമിതപ്പെടുത്താനും നിയന്ത്രിക്കാനും തുടങ്ങി.

ഒരു രാജ്യത്തിന് തുറമുഖങ്ങളുടെമേൽ പരമാധികാരമുണ്ട്. പൊതുവായി പറഞ്ഞാൽ ഒരു രാജ്യത്തിന് ഇനി വിവരിക്കുന്നവ ചെയ്യാം:

- വിദേശ കപ്പലുകൾക്ക് അതിന്റെ തുറമുഖങ്ങളിലേക്ക് പ്രവേശനം നിഷേധിക്കുക (അടിയന്തരാവസ്ഥയിലോ ദുരിത സമയത്തോ ഒഴികെ);
- വിദേശ കപ്പലുകൾ അതിന്റെ തുറമുഖങ്ങളിൽ മത്സ്യം ഇറക്കുന്നതോ കൈമാറ്റം ചെയ്യുന്നതോ നിരോധിക്കുക.
- തുറമുഖ പ്രവേശനം തേടുന്ന കപ്പലുകൾ അവരുടെ വ്യക്തിത്വം, മത്സ്യബന്ധന പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകേണ്ടതുണ്ട്, ഒപ്പം
- അതിന്റെ തുറമുഖങ്ങളിൽ സ്വമേധയാ എത്തിയ കപ്പലുകൾ പരിശോധിക്കുക.

വിദേശ മത്സ്യബന്ധന കപ്പലുകൾ ഒരു രാജ്യത്തിന്റെ തുറമുഖങ്ങളിലേക്ക് വരാൻ അനുമതി തേടുമ്പോൾ താഴെ വിവരിക്കുന്ന കാര്യങ്ങൾ നൽകേണ്ടത് ആവശ്യമാണ്:

- തുറമുഖത്തേക്കുള്ള അവരുടെ പ്രവേശനത്തെക്കുറിച്ച് ന്യായമായ മുൻകൂർ അറിയിപ്പ്;
- മത്സ്യബന്ധനത്തിനുള്ള അനുമതിയുടെ ഒരു പകർപ്പ്;
- മത്സ്യബന്ധന യാത്രയുടെ വിശദാംശങ്ങൾ, കൂടാതെ
- കപ്പലിലെ മത്സ്യത്തിന്റെ അളവ്.

ഒരു തുറമുഖ രാജ്യത്ത് മറ്റ് വിദേശ മത്സ്യബന്ധന കപ്പലുകളും ഗതാഗത (transport) കപ്പലുകൾ പോലുള്ളവയും തുറമുഖത്ത് പ്രവേശിക്കുന്നതിനു മുമ്പ് സമാനമായ വിവരങ്ങൾ നൽകേണ്ടതുണ്ട്.

ഒരു രാജ്യത്ത് എവിടെയാണോ ഒരു വിദേശ മത്സ്യബന്ധന കപ്പലിന്റെ മത്സ്യബന്ധന പ്രവർത്തനങ്ങളുടെ സ്വഭാവം പരിശോധന നടത്താൻ കഴിവുള്ളത് ആ തുറമുഖങ്ങളിലേക്ക് മാത്രമേ മത്സ്യബന്ധന കപ്പലുകൾക്ക് പ്രവേശനം നൽകാവൂ. അത്തരം പരിശോധനകൾക്കിടയിൽ, ഒരു തുറമുഖ രാജ്യം ഒരു മത്സ്യബന്ധന രാജ്യത്തിന് ഉചിതമായ ഏതെങ്കിലും പ്രാദേശിക മത്സ്യബന്ധന സംഘടനയ്ക്കും നൽകേണ്ട വിവരങ്ങൾ ശേഖരിച്ചിരിക്കണം.

- കപ്പലിന്റെ പതാക രാജ്യം, തിരിച്ചറിയൽ വിശദാംശങ്ങൾ;
- പേര്, ദേശീയത, കപ്പത്താന്റെയും ഫിഷിംഗ് മാസ്റ്ററുടെയും യോഗ്യതകൾ;
- മത്സ്യബന്ധന വല;
- കപ്പലിലെ മീൻ, പിടിച്ച സ്ഥലം, ഇനം, രൂപം, തൂക്കം;
- മറ്റ് വിവരങ്ങൾ ഉചിതമായ സ്ഥലത്ത് ഒരു പ്രാദേശിക മത്സ്യബന്ധന സംഘടന അല്ലെങ്കിൽ അന്താരാഷ്ട്ര കരാർ, കൂടാതെ
- ആകെ ഇറക്കിയതും (landed) കൈമാറ്റം ചെയ്യപ്പെട്ടതുമായ മീൻ (catch)

ഒരു തുറമുഖ രാജ്യത്തിന് തങ്ങളുടെ തുറമുഖത്തെ ഒരു കപ്പൽ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് സംശയിക്കുന്നതിന് ന്യായമായ കാരണങ്ങളുണ്ടെങ്കിൽ, തുറമുഖ രാജ്യം ഇനിപ്പറയുന്നവ ചെയ്യണം:

- കപ്പൽ അതിന്റെ തുറമുഖത്ത് ഇറങ്ങാനോ മത്സ്യം കൈമാറാനോ അനുവദിക്കരുത്;
- ഉടൻ തന്നെ വിവരം പതാകരാജ്യത്തെ അറിയിക്കുക, കൂടാതെ
- സംശയാസ്പദമായ ഐയുയു മത്സ്യബന്ധനം മറ്റൊരു രാജ്യത്തിന്റെ കടലിലോ അല്ലെങ്കിൽ ഒരു പ്രാദേശിക മത്സ്യബന്ധന സംഘടന നിയന്ത്രിക്കുന്ന മേഖലയിലോ നടന്നിട്ടുണ്ടെങ്കിൽ, ഉടൻതന്നെ ആ രാജ്യത്തിനോ സംഘടനക്കോ വിവരം അറിയിക്കണം.

ഒരു തുറമുഖ രാജ്യം കപ്പലിനും അതിന്റെ നടത്തിപ്പുകാർക്കും എതിരെ പതാക രാജ്യത്തിന്റെ സമ്മതത്തോടെ അല്ലെങ്കിൽ അഭ്യർത്ഥന പ്രാകാരം കൂടുതൽ നടപടി കൈക്കൊള്ളാം.



**വിപണി നടപടികൾ**

അടുത്ത ദശകങ്ങളിൽ മത്സ്യത്തിന്റെ അന്താരാഷ്ട്ര വ്യാപാരം ഗണ്യമായി വർദ്ധിച്ചു. അന്താരാഷ്ട്ര തലത്തിൽ കച്ചവടം ചെയ്യുന്ന മത്സ്യങ്ങളിൽ എത്രമാത്രം ഐയുയു മത്സ്യബന്ധനത്തിന്റെ ഫലമാണെന്ന് ആർക്കും കൃത്യമായി അറിയില്ല.

എന്നിരുന്നാലും ചൂരകൾ (tunas), വാൾമീൻ (sword fish) ഉൾപ്പെടെ മിക്കപ്പോഴും വ്യാപാരം ചെയ്യപ്പെടുന്ന വിലയേറിയ മത്സ്യ ഇനങ്ങളും ഐയുയു മത്സ്യതൊഴിലാളികൾ ലക്ഷ്യമിടുന്നവയാണ്.

ഐയുയു മീൻപിടുത്തംവഴി പിടിക്കുന്ന മത്സ്യങ്ങളുടെ അന്താരാഷ്ട്ര വ്യാപാരം നിയന്ത്രിക്കുന്നതിന് ചില സഹകരണ ശ്രമങ്ങൾ ഇതിനകം നടക്കുന്നുണ്ട്. അന്താരാഷ്ട്ര വ്യാപാരത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾക്ക് അനുസൃതമായ ഐയുയു മീൻപിടുത്തം തടയുന്നതിന് കമ്പോളവുമായി ബന്ധപ്പെട്ട കൂടുതൽ നടപടികൾ വികസിപ്പിക്കാൻ ഐപിഒഎ-ഐയുയു രാജ്യങ്ങളോട് ആവശ്യപ്പെടുന്നു. മറ്റ് മത്സ്യങ്ങളുടെ കച്ചവടത്തിന് അനാവശ്യമായ തടസ്സങ്ങൾ സൃഷ്ടിക്കാതെതന്നെ ഐയുയു മത്സ്യബന്ധനത്തിലൂടെ പിടിച്ചെടുക്കുന്ന മത്സ്യങ്ങളുടെ അന്താരാഷ്ട്ര വ്യാപാരം തടയുക എന്നതാണ് ലക്ഷ്യം.

ചരക്കുകളുടെ ഇറക്കുമതിയിലും കയറ്റുമതിയിലും മാർക്കറ്റുമായി ബന്ധപ്പെട്ട നടപടികൾ പല തരത്തിലുള്ള നിയന്ത്രണങ്ങൾ ഉൾക്കൊള്ളുന്നു.

- പിടിച്ചെടുത്ത മീൻ സാക്ഷ്യപ്പെടുത്തലും വ്യാപാര രേഖപ്പെടുത്തൽ ആവശ്യകതകളും
- ഇറക്കുമതി, കയറ്റുമതി നിയന്ത്രണങ്ങളും വിലക്കുകളും

കമ്പോളവുമായി ബന്ധപ്പെട്ട നടപടികൾ സൃഷ്ടിക്കുന്നതിനും ഉപയോഗിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രാദേശിക മത്സ്യബന്ധന സംഘടനകൾക്ക് പ്രാഥമിക പങ്കുണ്ട്.



**പ്രാദേശിക മത്സ്യബന്ധന സംഘടനകളുടെ ഉപയോഗം**

ഐയുയു മത്സ്യബന്ധനം നിർത്തുന്നതിൽ പ്രാദേശിക മത്സ്യബന്ധന സംഘടനകൾക്ക് പ്രധാന പങ്കുണ്ട്. ലോകത്തിലെ ഏറ്റവും മൂല്യമുള്ള മത്സ്യ സംഭരണികളും ഐയുയു മത്സ്യബന്ധനത്തിന് വിധേയമായ ധാരാളം സ്റ്റോക്കുകളും നിയന്ത്രിക്കുന്നത് പ്രാദേശിക മത്സ്യബന്ധന സംഘടനകളാണ്. അതിനാൽ പ്രാദേശിക മത്സ്യബന്ധന സംഘടനകൾ ഐപിഒഎ-ഐയുയു നടപ്പാക്കാനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സവിശേഷമായ സ്ഥാനം പിടിച്ചിരിക്കുന്നു.

പ്രാദേശിക മത്സ്യബന്ധന സംഘടനകൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ ഇവ ഉൾപ്പെടുന്നു.

- ഐയുയു മീൻപിടുത്തവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക;
- ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന കപ്പലുകൾ തിരിച്ചറിയുകയും അവയ്ക്കെതിരായ നടപടികൾ ഏകോപിപ്പിക്കുകയും ചെയ്യുക.
- ഐയുയു മീൻപിടുത്തത്തിൽ ഏർപ്പെട്ടിരിക്കുന്ന രാജ്യങ്ങളെ തിരിച്ചറിയുക, അത്തരം സ്വഭാവം ശരിയാക്കാൻ തിരിച്ചറിഞ്ഞ രാജ്യങ്ങളെ പ്രേരിപ്പിക്കുക;
- പ്രസക്തമായ പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്ന ദേശീയതയില്ലാത്ത കപ്പലുകൾക്കെതിരെ നടപടിയെടുക്കാൻ അവരുടെ അംഗങ്ങളോട് ആവശ്യപ്പെടുക;
- കപ്പൽ വാടക ക്രമീകരണങ്ങൾ ഐയുയു മീൻപിടുത്തത്തിലേക്ക് നയിക്കില്ലെന്ന് ഉറപ്പാക്കാൻ നിയമങ്ങൾ പാലിക്കുക;
- തുറമുഖ പരിശോധന പദ്ധതികൾ, കടലിൽ കൈമാറ്റത്തിനുള്ള നിയന്ത്രണങ്ങൾ, ബന്ധപ്പെട്ട മേഖലയിലെ അംഗങ്ങളല്ലാത്ത കപ്പലുകൾ പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ അംഗങ്ങളുടെ തുറമുഖങ്ങളിൽ ഇറക്കാൻ അനുവദിക്കരുത് എന്ന ധാരണ സൃഷ്ടിക്കുന്ന പദ്ധതികൾ എന്നിവ സ്വീകരിക്കുക;
- പിടിച്ച മീൻ സാക്ഷ്യപ്പെടുത്തൽ കൂടാതെ/അല്ലെങ്കിൽ വിപണന രേഖകൾ കൂടാതെ ഐയുയു മീൻപിടുത്തത്തെ ചെറുക്കുന്നതിന് കമ്പോളവുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ സ്വീകരിക്കുക.

### വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ

വികസ്വര രാജ്യങ്ങൾ, പ്രത്യേകിച്ചും ചെറിയ ദ്വീപ് വികസ്വര രാജ്യങ്ങൾ, മറ്റ് വികസ്വര തീരദേശ രാജ്യങ്ങൾ എന്നിവയാണ് ഐയുയു മത്സ്യബന്ധനം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത്. മത്സ്യബന്ധന നിയമങ്ങൾ ഫലപ്രദമായി നിരീക്ഷിക്കാനും നടപ്പാക്കാനുമുള്ള വിഭവങ്ങളും അടിസ്ഥാന സൗകര്യങ്ങളും പല വികസ്വര രാജ്യങ്ങളിലും ഇല്ല.

തൽഫലമായി വികസ്വര രാജ്യങ്ങളിൽ രേഖചെയ്ത കപ്പലുകളും മറ്റ് രാജ്യങ്ങളിൽ രേഖ ചെയ്ത കപ്പലുകളും (അനുമതിയില്ലാതെ മത്സ്യബന്ധനം നടത്തുകയോ അനുമതി നിയന്ത്രണങ്ങൾ ലംഘിക്കുകയോ ചെയ്യുന്നു) പലപ്പോഴും വികസ്വര രാജ്യങ്ങളുടെ കടലിൽ തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുന്നു (പ്രവേശന അനുമതി നിയന്ത്രണങ്ങൾ ലംഘിച്ച് അതിക്രമിച്ച് കടക്കൽ അല്ലെങ്കിൽ മീൻപിടിക്കൽ).

ഐപിഒഎ-ഐയുയു രാജ്യങ്ങളോട് ആവശ്യപ്പെടുന്നത് ലോക ഭക്ഷ്യകാർഷിക സംഘടനയുടെയും പ്രസക്തമായ അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളുടെയും സംവിധാനങ്ങളുടെയും പിന്തുണയോടെ, ഉചിതമെങ്കിൽ, പരിശീലനത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനും പിന്തുണയ്ക്കുകയും വികസ്വര രാജ്യങ്ങൾക്ക് സാമ്പത്തിക, സാങ്കേതിക, മറ്റ് സഹായങ്ങൾ നൽകുന്നത് പരിഗണിക്കുന്നതിനും അതിലൂടെ ഐപിഒഎ-ഐയുയുവിന് കീഴിലുള്ള അവരുടെ പ്രതിബദ്ധതകൾ പൂർത്തിയാക്കാനും കഴിയും. ചുവടെ വിവരിച്ചിട്ടുള്ള ദേശീയ പ്രവർത്തന പദ്ധതികളുടെ വികസനത്തിലും നടപ്പാക്കലിലും വികസ്വര രാജ്യങ്ങളെ സഹായിക്കുന്നതിന് അത്തരം സഹായം പ്രത്യേകിച്ചും നയിക്കണം.

### ദേശീയ പ്രവർത്തന പദ്ധതി (National Plan of Action)

ഐപിഒഎ-ഐയുയു എല്ലാ രാജ്യങ്ങളോടും എത്രയും വേഗം വികസിപ്പിക്കാനും സ്വീകരിക്കാനും അതുപോലെ ലക്ഷ്യങ്ങൾ വേഗത്തിൽ പ്രാപ്തമാക്കാനും ആവശ്യപ്പെടുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ, ഐപിഒഎ-ഐയുയു ഒരു ''ഉപകരണ പെട്ടി''യാണ് - ഐയുയു മീൻപിടുത്തത്തെ ചെറുക്കുന്നതിന് വിവിധ സാഹചര്യങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന ഒരു കൂട്ടം ഉപകരണങ്ങൾ. ഉപകരണ പെട്ടിയിലെ എല്ലാ ഉപകരണങ്ങളും എല്ലാ രാജ്യങ്ങളും ഉപയോഗിക്കേണ്ട കാര്യമില്ല. എന്നിരുന്നാലും സാധ്യമായ പരിധിവരെ ഓരോ രാജ്യത്തിന്റെയും ദേശീയ പ്രവർത്തന പദ്ധതി, അതിൽ ഉൾപ്പെട്ടിരിക്കുന്ന മത്സ്യബന്ധനത്തിന് ഓരോ അടിസ്ഥാന ഉപകരണങ്ങളും എങ്ങനെ ഉപയോഗിക്കാമെന്ന് പരിഗണിക്കണം.

കുറഞ്ഞത് നാല് വർഷത്തിലൊരിക്കൽ രാജ്യങ്ങൾ അവരുടെ ദേശീയ പ്രവർത്തന പദ്ധതികൾ അവലോകനം ചെയ്യണമെന്നും അവരുടെ പദ്ധതികളും ഐപിഒഎ-ഐയുയുവും നടപ്പാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് ലോക ഭക്ഷ്യ കാർഷിക സംഘടനയ്ക്ക് വിവരങ്ങൾ അറിയിക്കണമെന്നും ഐപിഒഎ-ഐയുയു ആവശ്യപ്പെടുന്നു.

### ലോക ഭക്ഷ്യകാർഷിക സംഘടന എന്തു ചെയ്യും?

ഐപിഒഎ-ഐയുയു നടപ്പാക്കുന്നതിന് ലോക ഭക്ഷ്യ കാർഷിക സംഘടന സാങ്കേതിക പിന്തുണ നൽകുകയും ഐയുയു മത്സ്യബന്ധന പ്രശ്നം അവലോകനത്തിൽ സൂക്ഷിക്കുകയും ചെയ്യും. ഐപിഒഎ-ഐയുയു നടപ്പാക്കുന്നതിലൂടെ കൈവരിച്ച പുരോഗതിയെക്കുറിച്ച് രണ്ട് വർഷത്തിലൊരിക്കൽ ലോക ഭക്ഷ്യ കാർഷിക സംഘടന അതിന്റെ അംഗങ്ങളെ വിവരം അറിയിക്കും. ലോക ഭക്ഷ്യ കാർഷിക സംഘടനയ്ക്ക് അതിന്റെ അംഗങ്ങൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഈ അറിയിപ്പ്.

നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ (ഐയുയു) മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള അന്താരാഷ്ട്ര പ്രവർത്തന പദ്ധതിയുടെ ചില പ്രധാന വശങ്ങൾ സാങ്കേതികേതര രീതിയിൽ ഈ ലഘുലേഖ വിവരിക്കുന്നു. ഐയുയു മത്സ്യബന്ധനം കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ ലോക ഭക്ഷ്യ കാർഷിക സംഘടന അംഗങ്ങളെയും മറ്റുള്ളവരെയും പരിചയപ്പെടുത്താൻ സഹായിക്കുക, പ്രത്യേക സാഹചര്യങ്ങളിൽ ഏതൊക്കെ ഉപകരണങ്ങൾ ഉപ യോഗിക്കണമെന്ന് നിർദ്ദേശിക്കുക, ഈ ഉപകരണങ്ങൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുക എന്നിവയാണ് ഈ ലഘുലേഖയുടെ ലക്ഷ്യം.

